"ഭരണഭാഷ-മാതൃഭാഷ"

आज़ादी का अमृत महोत्सव

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ജീവനക്കാര്യം - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് - മലപ്പുറം, തിരുനാവായ, നാവാമുകുന്ദ എച്ച്.എസ്.എസ്. -ലെ അറബിക് അദ്ധ്യാപകനായിരുന്ന അബ്ദുൾ സലിം വി. വി -യുടെ KSID/LI/10110128683 നമ്പർ എസ്.എൽ.ഐ പോളിസിയുടെ ക്ലെയിം - സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് ചട്ടം 20.3 -ൽ ഇളവ് നൽകി - പോളിസിയുടെ അർഹമായ ആനുകൂല്യം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്**

**സ.ഉ (സാധാ) നം. 4443/2025/ധന** **തീയതി, തിരുവനന്തപുരം, 16/05/2025**

പരാമർശം :-
1. ഇൻഷ്വറൻസ് ഡയറക്ടറുടെ 07/03/2025 തീയതിയിലെ കെ.എസ്.ഐ.ഡി/36/2025-എച്ച്.ക്യൂ -ജി.എസ് 3 നമ്പർ കത്ത്
2. അബ്ദുൾ സലീം വി. വി -യുടെ പിതാവായ ശ്രീ. വി. വി. മുഹമ്മദ് ഇൻഷ്വറൻസ് ഡയറക്ടർക്ക് നൽകിയ 31/12/2024 തീയതിയിലെ പരാതി.
3. 16.11.1988 -ലെ സ.ഉ(പി)നം.840/88/ധന ഉത്തരവ്.

**ഉത്തരവ്**

മലപ്പുറം, തിരുനാവായ, നാവാമുകുന്ദ എച്ച്.എസ്.എസ്-ലെ അറബിക് അദ്ധ്യാപകനായിരുന്ന അബ്ദുൾ സലീം വി. വി -യുടെ എസ്.എൽ.ഐ മരണാനന്തര ക്ലെയിം തീർപ്പാക്കിയത് പുനഃപരിശോധിച്ച് പോളിസിയുടെ അർഹമായ മുഴുവൻ ആനുകൂല്യവും നൽകണമെന്ന് കാണിച്ച് പരാമർശം (2) പ്രകാരം ടിയാളുടെ പിതാവായ ശ്രീ. വി. വി. മുഹമ്മദ് ആസ്ഥാന കാര്യാലയത്തിൽ നൽകിയിട്ടുള്ള പരാതിയും അനുബന്ധ രേഖകളും സർക്കാരിന്റെ പരിഗണനയ്ക്കായി പരാമർശം (1) പ്രകാരം ഇൻഷ്വറൻസ് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. അബ്ദുൾ സലിം വി. വി 04/2012 -ൽ അംഗത്വം എടുത്ത 10110128683 നമ്പർ എസ്.എൽ.ഐ പോളിസിയിൽ 09/2021 വരെ മുടക്കം കൂടാതെ പ്രീമിയം കിഴിക്കൽ നടത്തിയിരുന്നുവെങ്കിലും 05/10/2021 മുതൽ ജൂനിയർ അറബിക് അധ്യാപകനായി സ്ഥാനക്കയറ്റം ലഭിച്ചതിനാൽ ടിയാന്റെ നിയമനാഗീകാരം ലഭിക്കുവാൻ വന്ന കാലതാമസം മൂലം ശമ്പളം ലഭിച്ചിരുന്നില്ല എന്നും ടിയാൻ 11/07/2022 -ന് മരണപ്പെട്ടതിന് ശേഷം 03/03/2023 -ന് ആണ് നിയമനാംഗീകാരം ലഭിച്ചത് എന്നതിനാൽ ടിയാന്റെ എസ്.എൽ.ഐ ക്ലെയിം 10/2021 -ൽ കാലഹരണപ്പെട്ടതായി കണക്കാക്കിയാണ് മലപ്പുറം ജില്ലാ ഇൻഷ്വറൻസ് ഓഫീസർ തീർപ്പാക്കിയിട്ടുള്ളത് എന്നും ഇൻഷ്വറൻസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അബ്ദുൾ സലിം വി. വി 04/2012 -ൽ അംഗത്വം എടുത്ത പോളിസിയുടെ വരിസംഖ്യ 09/2021 വരെ മുടക്കം കൂടാതെ ഒടുക്കിയിരുന്നതിനാലും നിയമനാഗീകാരം ലഭിക്കുവാൻ വന്ന കാലതാമസം മൂലം ശമ്പളം മുടങ്ങിയതിനാൽ ആണ് പോളിസിയുടെ പ്രതിമാസ പ്രീമിയം കിഴിവ് മുടങ്ങിയത് എന്നതിനാലും ടിയാന്റെ മരണശേഷം 03/03/2023 -ൽ ആണ് അബ്ദുൾ സലിം വി. വി യുടെ നിയമനം അംഗീകരിച്ച് ഉത്തരവായിട്ടുള്ളത് എന്നതിനാലും ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസിന്റെ ചട്ടം 20.3 -ൽ ഇളവ് നൽകി 10/2021 മുതൽ ടിയാൻ മരണപ്പെട്ടത് വരെയുള്ള കാലയളവിൽ മുടക്കം വരുത്തിയ തുക 9% പലിശയുൾപ്പെടെ കുറവ് ചെയ്ത് പരേതനായ അബ്ദുൾ സലിം വി. വി -യുടെ പേരിലുള്ള സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പോളിസി (Policy No.KSID/LI/10110128683) -യുടെ അർഹമായ ആനുകൂല്യം അവകാശികൾക്ക് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എൽസി ജോർജ്ജ്**
**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പ് തിരുവനന്തപുരം
ജില്ലാ ഇൻഷുറൻസ് ഓഫീസർ , മലപ്പുറം (ഇൻഷുറൻസ് ഡയറക്ടർ മുഖേന).
ശ്രീ. വി. വി മുഹമ്മദ്, വടക്കത്തുവളപ്പിൽ , മറവഞ്ചേരി, കാടഞ്ചേരി പി.ഒ , മലപ്പുറം 679582
വെബ് & ന്യൂ മീഡിയ, പി. ആർ. ഡി.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് ( www.finance.kerala.gov.in)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി ( ഇ. 3109839/എസ്റ്റാ-ഡി2/46/2025-ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ